# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5906 | 25.05.2017 -ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. ഒ.ആർ. കേളു<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. കാരാട്ട് റസാഖ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം മേഖലയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്; | എ) ഉത്തരവാദിത്ത ടൂറിസം രംഗത്ത് മറ്റൊരു സംസ്ഥാനവും പ്രത്യേക പ്രോജക്ട് നടപ്പാക്കുന്നില്ല. ഈ രംഗത്ത് ജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും അതുവഴി യു.എൻ. ഡബ്ല്യു.റ്റി.ഒ. യുടേതടക്കം ഒട്ടേറെ ദേശീയ അന്തർദ്ദേശീയ പുരസ്കാരങ്ങൾ നേടാനും കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലഭിച്ച പുരസ്കാരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹത്തിന് കൂടുതൽ വരുമാനം നേടിക്കൊടുക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ 2011 ലാണ് ആരംഭിച്ചത്. പുതുതായി 3 കേന്ദ്രങ്ങളിൽക്കൂടി ടി പദ്ധതി വ്യാപിപ്പിച്ചു. വിവിധ ഉത്പാദന ഗ്രൂപ്പുകളെയും വിതരണ ഗ്രൂപ്പുകളെയും കണ്ടെത്തുകയും അവയെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി വിദഗ്ധ പരിശീലന പരിപാടികൾ നടത്തിക്കൊണ്ട് യൂണിറ്റുകൾ രൂപീകരിച്ച് വരുമാന വർദ്ധനവിന് നടപടികൾ സ്വീകരിച്ചു. ഉത്തരവാദിത്ത ടൂറിസം - ഗ്രാമീണ ടൂറിസം പാക്കേജുകൾ തദ്ദേശീയർക്ക് മുതൽമുടക്കില്ലാതെ അധികവരുമാനം നേടാൻ സഹായിക്കുന്നു. |

സി) ഉത്തരവാദിത്ത ടൂറിസം സംബന്ധിച്ച് പൊതുജന ങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബോധ വത്ക്കരണം, പരിശീലനം എന്നിവ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജന ങ്ങൾക്കും ബോധവത്ക്കരണം, പരിശീലനം എന്നിവ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. 2017-18 പദ്ധതി വർഷത്തിൽ എല്ലാ ജില്ലകളിലും ഇത് നടപ്പിലാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഡി) ഉത്തരവാദിത്ത ടൂറിസം കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ഡി) ഉത്തരവാദിത്ത ടൂറിസം കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത മിഷന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ടൂറിസം കേന്ദ്ര ങ്ങളിലും സാദ്ധ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

അനുബന്ധം

| നം. | അവാർഡ് | കാലയളവ് | വിഭാഗം | ഡെസ്റ്റിനേഷൻ |
|---|---|---|---|---|
| 1 | നാഷണൽ ടൂറിസം അവാർഡ് | 2007-08 | ഉത്തരവാദിത്ത ടൂറിസം പദ്ധതി | കേരളാ ടൂറിസം |
| 2 | നാഷണൽ ടൂറിസം അവാർഡ് | 2008-09 | ഉത്തരവാദിത്ത ടൂറിസം പദ്ധതി | കുമരകം |
| 3 | പാറ്റാ ഗ്രാന്റ് അവാർഡ് | 2011 | പരിസ്ഥിതി | കുമരകം |
| 4 | നാഷണൽ ടൂറിസം അവാർഡ് | 2011-12 | ഏറ്റവും മികച്ച ഗ്രാമീണ ടൂറിസം പദ്ധതി | കുമരകം |
| 5 | നാഷണൽ ടൂറിസം അവാർഡ് | 2012-13 | സിവിക് മാനേജ്മെന്റ് ഓഫ് ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ (കാറ്റഗറി സി സിറ്റി) | കുമരകം |
| 6 | യു.എൻ.ഡബ്ല്യു.ടി.ഒ ഉല്ലീസിസ് അവാർഡ് | 2013 | ഇന്നവേഷൻ ഇൻ പബ്ലിക് പോളിസി & ഗവേർണൻസ് | കുമരകം |
| 7 | പാറ്റാ ഗോൾഡ് അവാർഡ് | 2014 | കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി | കുമരകം |
| 8 | നാഷണൽ ടൂറിസം അവാർഡ് | 2013-14 | ഉത്തരവാദിത്ത ടൂറിസം പദ്ധതി | തേക്കടി |
| 9 | പാറ്റാ സി.ഇ.ഒ – ചലഞ്ച് അവാർഡ് | 2015 | സെക്കന്റ് ടയർ & തേർഡ് ടയർ ടൗൺ /സിറ്റീസ് - തേക്കടി | തേക്കടി |
| 10 | നാഷണൽ ടൂറിസം അവാർഡ് | 2015-16 | ഉത്തരവാദിത്ത ടൂറിസം പദ്ധതി -വയനാട് | വയനാട് |

സെക്ഷൻ ഓഫീസർ